**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **07-07-2022 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കയർ മേഖലയിലെ വൈവിധ്യവൽക്കരണത്തിന്റെയും കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനുമായി നടത്തി വരുന്ന പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി എന്തെല്ലാം ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കയർ മേഖലയിലെ വൈവിധ്യവൽക്കരണത്തിന്റെയും കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്ന തിനുമായി കയർ വികസന വകുപ്പിനു കീഴിലുളള സ്വയം ഭരണ ഗവേക്ഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>പീറ്റ്കോൾ ഡോട്ട്സ്</u> - ചകിരി ചോറിന് വായു സഞ്ചാരം കുറഞ്ഞ അന്തരീക്ഷത്തിൽ ശക്തമായി ചൂടാക്കി അതിലെ ജലാംശം പൂർണ്ണമായും ഇല്ലാതാക്കി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് പീറ്റ്കോൾ ഡോട്ട്സ്. ഇത് ചാർക്കോളിനു പകരമായും സുഗന്ധ ദ്രവ്യമായും ഉപയോഗിക്കാവുന്നതാണ്.<br><br>2. <u>മൊബൈൽ ടെൻഡർ ക്രഷിംഗ് മെഷീൻ</u>- കരിക്കിൻ തൊണ്ട് ചതച്ച് എടുക്കുന്നതിനായി വികസിപ്പിച്ചെടുത്തു. കൃഷിയിടങ്ങളിൽ പുതയിടൽ വസ്തുവായി നേരിട്ടും ഗ്രോബാഗുകളിൽ നിറയ്ക്കുന്നതിന് അനുയോജ്യമായ മികച്ച പോട്ടിംഗ് മിശ്രിതമായും ഈ മെഷിനിൽ ചതച്ചെടുത്ത കരിക്കിൻ തൊണ്ട് ഉപയോഗിക്കുന്നു.<br><br>3. <u>കയർ ജിയോ-സെൽ</u> - കയർ ജിയോ-ടെക്സ്റ്റയിൽസ് കൊണ്ട് നിർമിച്ച കയർ ജിയോ-സെൽ കുത്തായ ചരിവ് പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്നു.<br><br>4. <u>കയർ മൾച്ചിംഗ് മാറ്റുകൾ</u> - കളകൾ ഒഴിവാക്കാനായി കാർഷിക മേഖലയിൽ |

| | | | |
|---|---|---|---|
| | | | സാധാരണയായി ഉപയോഗിച്ചു വരുന്ന സിന്തറ്റിക് മൾച്ചുകൾക്ക് പകരം ഉപയോഗിക്കുന്നു.<br><br>5. ട്രൈക്കോപിത്ത് - ചകിരിച്ചോറിനെ കുറഞ്ഞ സമയം കൊണ്ട് വളമാക്കി മാറ്റുന്ന ഉല്പന്നമാണ് ട്രൈക്കോപിത്ത്.<br><br>6. അക്വസ്റ്റിക് പാനലുകൾ - ശബ്ദത്തിന്റെ പ്രതിധ്വനി കുറച്ച് ശബ്ദ മലിനീകരണത്തെ നിയന്ത്രിക്കാൻ സാധിക്കുന്നു.<br><br>7. ബൈൻഡർലെസ് ബോർഡുകൾ - വുഡൻ ബോർഡുകൾക്ക് പകരമായി യാതൊരു കെമിക്കൽ ബൈൻഡറുകളും ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്നവയാണ് ബൈൻഡർലെസ് ബോർഡുകൾ. |
| (ബി) | ഇത്തരത്തിൽ വികസിപ്പിച്ചെടുത്ത നൂതന കയർ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിപണി സാധ്യതയും വിലയിരുത്തിയിട്ടുണ്ടോ; | (ബി) | നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉൽപ്പന്നങ്ങൾ ഗവേഷണ അടിസ്ഥാനത്തിൽ ഉള്ളവയാണ്. അവയുടെ പ്രായോഗിക/വ്യാവസായിക തലത്തിലുള്ള നിർമ്മാണത്തിനും, സാങ്കേതിക വിദ്യയുടെ കൈമാറ്റം എന്നിവയ്ക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കയറിനും കയർ ഉല്പന്നങ്ങൾക്കും ആഭ്യന്തര വിപണി കണ്ടെത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | (സി) | കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടു കൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു.<br><br>കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും |

| | | | |
|---|---|---|---|
| | | | വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br><br>ഉത്പന്ന മേഖലയിൽ കൂടുതൽ ഡിമാൻറ് ഉള്ളത് കയർഭൂവസ്ത്രത്തിനാണ്. മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു. |
| (ഡി) | കോവിഡ് കാലത്തെ കയറ്റുമതിയിൽ കയർ ഉല്പന്നങ്ങൾക്ക് ലഭിച്ച പ്രധാന്യം കണക്കിലെടുത്ത് വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ? | (ഡി) | കയർ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുന്ന കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വിദേശ വിപണി വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ